# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 47 | 08.02.2016 -ൽ മറുപടിക്ക്

### പി.എസ്.സി. റാങ്ക് ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) 26.5.2015-ൽ നിലവിൽ വന്ന എസ്.ഐ (കെ.സി.പി), എസ്.ഐ (ആംഡ് പോലീസ് ബറ്റാലിയൻ), എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് -I, തസ്തികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി വിജ്ഞാപനം മുതൽ റാങ്ക് പ്രസിദ്ധീകരണം വരെ കേരള പി.എസ്.സിക്ക് എത്ര രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾ തുടർ പ്രക്രിയയാണ്. ആയത് വിവിധ ഘട്ടങ്ങളിലായി നിർവ്വഹിക്കുന്നതിനാൽ ഒരു പ്രത്യേക തസ്തികയുടെ തെരഞ്ഞെടുപ്പിനായി മൊത്തം ചെലവായ തുക കണക്കാക്കുന്നതിന് പകരം ഓരോവർഷവും പരീക്ഷകൾക്ക് പൊതുവായി ചെലവാകുന്ന തുകയാണ് കണക്കാക്കി വരുന്നത്. |
| (ബി) പ്രസ്തുത തീയതിയിൽ നിലവിൽവന്ന എസ്.ഐ (കെ.സി.പി), എസ്.ഐ (ആംഡ്പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരാളെപോലും നിയമിച്ചിട്ടില്ലായെന്നപോലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 7 പേർക്കും, അസിസ്റ്റന്റ് ജയിലർ തസ്തികയിൽ 15 പേർക്കും മാത്രം നിയമനം ലഭിച്ച സാഹചര്യത്തിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുകൊണ്ട് സർക്കാരിനും, ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന പ്രയോജനം സംബന്ധിച്ച വിശദാംശം അറിയിക്കാമോ ? | (ബി) കാര്യക്ഷമതയുള്ളതും യോഗ്യരുമായ കൂടുതൽ യുവാക്കളെ യൂണിഫോം ഫോഴ്സുകൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വാർഷിക തെരഞ്ഞെടുപ്പ് സമ്പ്രദായം കമ്മീഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് ഒരു വർഷം മാത്രമെ കാലാവധിയുള്ളൂ. റാങ്ക് പട്ടിക ലൈവായിരിക്കുന്നതിനും, ഉദ്യോഗാർത്ഥികളെ യഥാസമയം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ